# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.4/2881/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 27/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജോയിന്റ് ഡയറക്ടർ, എൽ. എസ്.ജി.ഡി. മലപ്പുറം
കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ.എം.പി.എം.4/2881/2023 തീയ്യതി: 27/12/2023

## മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-03-2023 മുതൽ 15-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 16-12-2023 | 23-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-12-2023 | 23-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുന്നാസർ.പി,ഓഡിറ്റ് ഓഫീസർ

ശ്രീ.അബ്ദുസ്സലാം.പി,സിനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീമതി.സുജിത പി കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വക്കേറ്റ് അബ്ദുറഹിമാൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| കാരാട്ട് | | | |
| ശ്രീ ഹരിരാജൻ | സെക്രട്ടറി | 01-04-2022 | 06-05-2022 |
| ശ്രീമതി. സുജാത കെ എം | സെക്രട്ടറി | 07-05-2022 | 30-06-2022 |
| ശ്രീ . സുരേഷ് കുമാർ | സെക്രട്ടറി | 01-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നീന.എൽ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മിനിമോൾ.എൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 03-12-2022 |
| ശ്രീ ബാബു | അസിസ്റ്റന്റ് എഞ്ചിനീയർ | 04-12-2022 | 31-03-2023 |
| ശ്രീമതി.മിനി ചിത്രംപള്ളി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുബൈദ.കെ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സീതാ ലക്ഷ്മി | സി.ഡി.പി.ഒ(റൂറൽ) | 01-04-2022 | 31-03-2023 |
| ശ്രീ ജൈസൽ ബാബു എൻ | കൃഷി അസി.ഡയറക്ടർ | 01-04-2022 | 05-04-2022 |
| ശ്രീമതി ബിന്ദു കെ കെ | കൃഷി അസി.ഡയറക്ടർ | 06-04-2022 | 17-04-2022 |
| ശ്രീ ജൈസൽ ബാബു എൻ | കൃഷി അസി.ഡയറക്ടർ | 18-04-2022 | 03-05-2022 |
| ശ്രീമതി ബിന്ദു കെ കെ | കൃഷി അസി.ഡയറക്ടർ | 04-05-2022 | 15-06-2022 |
| ശ്രീ ജൈസൽ ബാബു എൻ | കൃഷി അസി.ഡയറക്ടർ | 16-06-2022 | 21-06-2022 |
| ശ്രീമതി ബിന്ദു കെ കെ | കൃഷി അസി.ഡയറക്ടർ | 22-06-2022 | 10-10-2022 |
| ശ്രീമതി. പ്രീത | കൃഷി അസി.ഡയറക്ടർ | 11-10-2022 | 31-03-2023 |
| ശ്രീമതി ശ്രീലത | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മേരി ജോൺ | CDPO, അഡീഷണൽ | 01-04-2022 | 07-03-2023 |
| ശ്രീമതി സീതാ ലക്ഷ്മി | CDPO, അഡീഷണൽ (ഇൻ ചാർജ്ജ്) | 08-03-2023 | 31-03-2023 |
| ഡോ ബിന്ദു | മെഡിക്കൽ ഓഫീസർ ( CHC പൂക്കോട്ടൂർ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അനുപാതകങ്ങളും താരതമ്യതുകകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | വാടക രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | മുൻകൂർ നൽകിയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം. | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി രൂപീകരണം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പെൻഷൻ | 1-7 |
| 13 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 16 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-11 |
| 17 | വാടക പിരിവിലെ അപാകത | 1-12 |
| 18 | വയോജനങ്ങൾക്ക് ശ്രവണസഹായി വിതരണം - അപാകതകൾ | 1-13 |
| 19 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-14 |
| 20 | റോഡ് ഡ്രൈനേജ് വർക്ക്- മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി | 1-15 |
| 21 | പുളിക്കലാംകുന്ന് കുടിവെള്ള പദ്ധതി- ജല ലഭ്യത ഉറപ്പ് വരുത്തിയില്ല.പദ്ധതി മുടങ്ങിക്കിടക്കുന്നു. | 1-16 |
| 22 | എസ്.സി പഠനമുറി -നിർമ്മാണം പൂർത്തീകരിച്ചില്ല | 1-17 |
| 23 | തടപ്പറമ്പ് കുടിവെള്ള പദ്ധതി- പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 1-18 |
| 24 | അതിയാരത്ത് പറമ്പ് കുടിവെള്ള പദ്ധതി- പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 25 | വാഹന വാടക നൽകിയതിൻമേൽ ആദായ നികുതി കുറവ് ചെയ്തില്ല | 1-20 |
| 26 | ബ്ലോക്ക് പഞ്ചായത്ത് തീരുമാനം നടപ്പിലാക്കിയില്ല | 1-21 |
| 27 | ഹരിത കർമ്മസേനക്ക് ബെയിലിംഗ് മെഷീൻ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-22 |
| 28 | ബ്ലോക്ക് ഓഫീസ് നവീകരണം - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ | 1-23 |
| 29 | വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-24 |
| 30 | പ്രൊജക്ട് നമ്പർ 36/23 ലൈഫ് ഭവന പദ്ധതി - എസ്.സി | 1-24-1 |
| 31 | പ്രൊജക്ട് നമ്പർ 35/23 ലൈഫ് ഭവന പദ്ധതി - ജനറൽ | 1-24-2 |
| 32 | പ്രൊജക്ട് നമ്പർ 116/23 ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം പൂക്കോട്ടൂർ പഞ്ചായത്തിന് വിഹിതം നൽകൽ | 1-24-3 |
| 33 | പ്രൊജക്ട് നമ്പർ 142/23 ഒതുക്കുങ്ങൽ വനിതാ വ്യവസായ കേന്ദ്രത്തിനോടനുബന്ധിച്ചുള്ള ലൈബ്രറി കെട്ടിടത്തിലേക്ക് റാക്കും ഫർണിച്ചറും വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 1-24-4 |
| 34 | പ്രൊജക്ട് നമ്പർ 16/23 ആശ്രയ പദ്ധതി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 1-24-5 |
| 35 | പ്രൊജക്ട് നമ്പർ 115/23 മേലേ കുളമ്പ് തോട് സംരക്ഷണവും കൾവർട്ട് നിർമ്മാണവും ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 1-24-6 |
| 36 | ജനകീയ ഹോട്ടൽ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം - പ്രൊജക്ട് അപാകതകൾ | 1-25 |
| 37 | KWA നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-26 |

| | | |
|---|---|---|
| 38 | മുൻകൂർ തുക നൽകി - മരുന്നുകൾ മുഴുവനും ലഭ്യമായില്ല | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 12.07.2023ലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി: 27.12.2023

### 1-1-1 അനുപാതകങ്ങളും താരതമ്യതുകകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 7416901/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 6085191/- രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

1. B-7 പ്രകാരം Deposits Received ഇനത്തിൽ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 497519`/- രൂപ ബാധ്യതയുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

2. അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെ ചേർത്തിരിക്കുന്ന ഹെഡുകളിലെ ക്രമീകരിക്കാനുള്ള തുകയും വാർഷിക കണക്കിലെ (B-18) തുകയും പൊരുത്തപ്പെടുന്നില്ല.

| | അഡ്വാൻസ് രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|

| | | |
|---|---|---|
| Other Advances | 1429100 | 1560240 |
| Advnce To Others | 1473594 | 1889728 |

### 1-1-4 വാടക രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

വാടക രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് |
| രജിസ്റ്റർ | 28537 | 331770 | 3537 | 233076 | 25000 | 98694 |
| AFS | 42782 | 331770 | 3537 | 227406 | 39245 | 104364 |

### 1-1-5 മുൻകൂർ നൽകിയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രൊ. നം 151/23 , മുണ്ടക്കോട് നിരപ്പിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ മാറ്റൽ കെ ഡബ്ല്യു എ ക്ക് ഡെപ്പോസിറ്റ് നൽകൽ എന്ന പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് 823029/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. ആയത് വാർഷിക കണക്കിൽ (RP- 47) ഉൾപ്പെടുത്തിയിട്ടില്ല. മുൻ വർഷങ്ങളിൽ ക്രമീകരിക്കാനുള്ള അഡ്വാൻസ് തുകയും വാർഷിക കണക്കിൽ (B-18) ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ/തിയ്യതി |
|---|---|
| 1(1)/24.03.2022 | 1(1)/21.03.2023 |

## 1-3 സാമ്പത്തിക വിശകലനം.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 5137820 |
| വരവ് | 80084109 |
| ആകെ | 85221929 |
| ചെലവ് | 73998918 |
| നീക്കിയിരിപ്പ് | 11223011 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 33358000 | 33358000 | 30547476 | 2810524 |
| പ്ലാൻ (SCP) | 0 | 9374000 | 9374000 | 8575430 | 798570 |
| CFC (Untied ) | 0 | 6100992 | 6100992 | 4848351 | 1252641 |
| CFC (TIED) | 0 | 8167037 | 8167037 | 5128746 | 3038291 |
| റോഡിതരം (MG) | 0 | 7695000 | 7695000 | 7695000 | 0 |

## 1-5 പദ്ധതി രൂപീകരണം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ |
|---|---|---|---|---|---|

| | | | | | ശതമാനം |
|---|---|---|---|---|---|
| 113 | 80480030 | 75 | 60262350 | 38 | 66.37 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമ പെൻഷൻ

ഇല്ല

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.12.2023 ന് 4.00pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. പട്ടിക ജാതി വികസന ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പ്രോജക്ട് റജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.06.2023 | 2022-2023 | 19.07.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2013 | 2008-09 മുതൽ 2012-13 വരെ | 02-01-2014 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തുവരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമനമ്പർ | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ഫണ്ട് ഇനം | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | 66/14 മുണ്ടിയാട് എസ്.സി കോളനി കുടിവെള്ള പദ്ധതി - | 2013-14 | കേരളാ വാട്ടർ അതോറിറ്റി | 300000 | Own Fund | 0 | 300000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കെ.ഡബ്ല്യൂ.എക്ക് വിഹിതം നൽകൽ | | | | | | |
| 2 | തച്ചമാട് കുടിവെള്ള പദ്ധതി | 2013-14 | കേരളാ വാട്ടർ അതോറിറ്റി | 600000 | - | 0 | 600000 |
| 3 | കാലാംപറമ്പ് കുടിവെള്ള പദ്ധതി | 2014-15 | കേരളാ വാട്ടർ അതോറിറ്റി | 2000000 | - | 0 | 2000000 |
| 4 | 61/17 കാലംപറമ്പ് കുടിവെള്ള പദ്ധതി | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 2000000 | - | 0 | 2000000 |
| 5 | 86 പാറമ്മൽ എസ്.സി കോളനി കുടിവെള്ള പദ്ധതി | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 500000 | - | 0 | 500000 |
| 6 | 16/ മൈലാടി ക്വാറി മലിന ജല സംസ്കരണം | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 1700000 | - | 0 | 1700000 |
| 7 | 39/19 കരുമാഞ്ചേരി വാളപറമ്പ് മിനി വാട്ടര്സ്കീം ആനക്കയം ഗ്രാമ പഞ്ചായത്ത്- വാട്ടര് അതോരിറ്റിക്ക് വിഹിതം നല്കല് | 2018-19 | കേരളാ വാട്ടർ അതോറിറ്റി | 500000 | Development Fund(General) | 0 | 500000 |
| 8 | കാരാട്ടുകുന്നമ്മൽ കുടിവെള്ള പദ്ധതി-കുഴൽ കിണർ നിർമ്മാണം, 50/18-19 | 2018-19 | GWD | 42310 | - | 0 | 42310 |
| 9 | പുളിയാട്ടുകുളം ഹെൽത്ത് സെന്റർ കുടിവെള്ള പദ്ധതി, 78/18-19 | 2018-19 | PWD | 99765 | - | 0 | 99765 |
| **ആകെ** | | | | **7,742,075** | | | **7,742,075** |

മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 01/18.12.2023) ലഭ്യമാക്കിയ മറുപടിയിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ ഉടൻ പൂർത്തീകരിച്ച് UC മറ്റു വിവരങ്ങൾ ഉടൻ സമർപ്പിക്കുന്നതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതും, വിനിയോഗത്തിന് ശേഷം ലഭ്യമാവാൻ അവശേഷിക്കുന്ന തുകകൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതുമാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-12 വാടക പിരിവിലെ അപാകത

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതാ വ്യവസായ വിപണന കേന്ദ്രം ഒതുക്കുങ്ങൽ, SGSY ഇൻഫ്രാ ബിൽഡിംഗ് ആനക്കയം, HADA ബിൽഡിംഗ് ചെങ്ങോട്ടൂർ എന്നീ കെട്ടിടങ്ങളിലുള്ള 10 റൂമുകൾ വാടകക്ക് നൽകിയിട്ടുണ്ട്. അതിൽ താഴെ സൂചിപ്പിക്കുന്ന റൂമുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷം മുതലുള്ള വാടക ഈടാക്കാൻ അവശേഷിക്കുന്നു.

| റൂംനമ്പർ | വാടകക്കാരന്റെ പേര് | 2022-23 ലെ മാസ വാടക | രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക വിവരം | | റിമാർക്ക്സ് |
|---|---|---|---|---|---|
| | | | 2021-22 | 2022-23 | |
| C,D,Stair Case Room (വനിതാ വ്യവസായ വിപണന കേന്ദ്രം ഒതുക്കുങ്ങൽ) | സൂര്യകാന്തി SHG മറ്റത്തൂർ | 8400+ GST | - | 48000/- (10/22 To 03/23) | |
| First Floor - Open Hall (വനിതാ വ്യവസായ വിപണന കേന്ദ്രം ഒതുക്കുങ്ങൽ) | പുഷ്പലത കുന്നൻ | 12500+ GST | 25000 | 42339/- (4/22 To 12.07.2022) | ഭരണസമിതിയുടെ 13.07.2022 ലെ 4(1) നമ്പർ തീരുമാന പ്രകാരം മുറി തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചു |
| ആകെ | | | 25000 | 90339 | |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടി വിവരം, മേൽ ഭരണ സമിതി തീരുമാനം നടപ്പിലാക്കിയതിന്റെ വിവരം, മേൽ കെട്ടിടങ്ങളിലായി ഒഴിഞ്ഞ് കിടക്കുന്ന മുഴവൻ റൂമുകൾ/ ഹാളുകൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാനും മുറികൾ വാടകക്ക് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ബൈലോ അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/21.12.2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.
വാടക കുടിശ്ശിക പിഴപ്പലിശ സഹിതം പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-13 വയോജനങ്ങൾക്ക് ശ്രവണസഹായി വിതരണം - അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ – സി ഡി പി ഒ

പ്രൊജക്റ്റിന്റെ പേര്,നം- വയോജനങ്ങൾക്ക് ശ്രവണസഹായി വിതരണം, 114/23

അടങ്കൽ-983447 (വികസന ഫണ്ട്-ജനറൽ)

ചെലവ്- 456000

ബിൽ നം. - 22150163022001514439/ 28.03.2023 – 456000/-

മേൽ പദ്ധതി പ്രകാരം വയോജനങ്ങൾക്ക് ശ്രവണസഹായി വിതരണം ചെയ്യുന്നതിനായി മെഡിക്കൽ ക്യാമ്പ് നടത്തുകയും ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ പഞ്ചായത്തിലെ 57 ഗുണഭോക്താക്കൾക്ക് ശ്രവണസഹായി താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| പഞ്ചായത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| പൊന്മള | 10 |
| മൊറയൂർ | 6 |
| കോഡൂർ | 15 |
| ഒതുക്കുങ്ങൽ | 13 |
| പൂക്കോട്ടൂർ | 6 |

| | |
|---|---|
| ആനക്കയം | 7 |
| ആകെ | 57 |

എന്നാൽ സബ്സിഡി മാർഗരേഖ സ. ഉ. (കൈ) നം 115/2022/തസ്വഭവ, തീ. 28.05.202 ഖ. 7.1.14(3) പ്രകാരം വയോജനങ്ങൾക്ക് ശ്രവണസഹായി വിതരണം ചെയ്യുന്നത് ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട് നടപ്പിലാക്കാൻ പറ്റാത്ത പദ്ധതിയായതിനാൽ മേൽ പദ്ധതി പ്രകാരമുള്ള ചെലവിന് സർക്കാർ സാധൂകരണത്തിന് അപേക്ഷിക്കുകയും സ. ഉ. (സാധാ) നം 2475/2023/തസ്വഭവ തീ.12.12.2023 ന് പ്രകാരം സാധൂകരണം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്താക്കളെ അതാത് ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. ഗുണഭോക്താക്കൾക്ക് മുൻപ് ആനുകൂല്യം നൽകിയിട്ടില്ലായെന്നുള്ള ഗ്രാമപഞ്ചായത്തിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3. ബ്ലോക്ക് തലത്തിൽ ഒരൊറ്റ ക്യാമ്പ് മാത്രമാണ് 05.11.2022 ന് താലൂക്ക് ആശുപത്രി , മലപ്പുറത്ത് വെച്ച് നടത്തിയിട്ടുള്ളത്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള പഞ്ചായത്തുകളിലെ മുഴുവൻ ഗുണഭോക്താക്കളുടേയും പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/19.12.2023) താലൂക്ക് ആശുപത്രി , മലപ്പുറത്ത് വെച്ച് നടന്ന മെഡിക്കൽ ക്യാമ്പിന് ബ്ലോക്ക് ഡിവിഷൻ മെമ്പർമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, മറ്റു മെമ്പർമാർ ,അങ്കണവാടി പ്രവർത്തകർ, ആശ പ്രവർത്തകർ എന്നിവർ വഴി വ്യാപകമായ അറിയിപ്പ് നൽകിയിരുന്നുവെന്നും 6 പഞ്ചയത്തിലും മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ പ്രയാസമുണ്ടെന്നും ആയതിനാലാണ് ബ്ലോക്ക് തലത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തിയതെന്നും ഈ വർഷം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പഞ്ചായത്തുകളൊന്നും തന്നെ മേൽ പദ്ധതി ഏറ്റെടുത്തിട്ടില്ലെന്നും ആയതു കൊണ്ടാണ് ബ്ലോക്ക് പഞ്ചായത്തിൽ ഈ പദ്ധതി ഏറ്റെടുത്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ക്രമ നം 1,2 പ്രകാരമുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും പദ്ധതി നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ
പ്രൊജക്റ്റിന്റെ പേര്,നം- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 59/23

അടങ്കൽ-1500000 (വികസന ഫണ്ട്-ജനറൽ)

ചെലവ്- 1500000

| ബിൽ നം. | തുക |
|---|---|
| 79/17.11.2022 | 282684 |
| 101/12.12.2022 | 35499 |
| 102/12.12.2022 | 40977 |
| 104/12.12.2022 | 21234 |
| 112/15.02.2022 | 36286 |
| 113/15.12.2022 | 101367 |
| 129/05.01.2023 | 33767 |
| 149/18.01.2023 | 108680 |
| 150/20.01.2023 | 75936 |
| 172/10.02.2023 | 100777 |
| 173/10.02.2023 | 52227 |
| 174/10.02.2023 | 9939 |
| 175/10.02.2023 | 75391 |
| 176/10.02.2023 | 15756 |
| 177/10.02.2023 | 20727 |
| 178/10.02.2023 | 17469 |
| 179/10.02.2023 | 81040 |
| 180/10.02.2023 | 22973 |

| | |
|---|---|
| 181/10.02.2023 | 17046 |
| 197/25.02.2023 | 50368 |
| 198/25.02.2023 | 121224 |
| 199/25.02.2023 | 28408 |
| 234/21.03.2023 | 11298 |
| 235/21.03.2023 | 86475 |
| 236/21.03.2023 | 32730 |
| 237/21.03.2023 | 18192 |
| 238/21.03.2023 | 1530 |

മേൽ പദ്ധതി പ്രകാരം ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി വിതരണം ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം വിഹിതം അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ഒതുക്കുങ്ങൽ | 44523 |
| പൊൻമള | 416696 |
| ആനക്കയം | 652343 |
| മൊറയൂർ | 200000 |
| പൂക്കോട്ടൂർ | 150152 |
| കോഡൂർ | 36286 |
| ആകെ | 15,00,000/- |

ഫയൽ പരിശോധിച്ചതിൽ മേൽ പഞ്ചായത്തുകളൊന്നും തന്നെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ പഞ്ചായത്തുകളിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി (നം.8/21,12.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവ് തുക 15,00,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-15 റോഡ് ഡ്രൈനേജ് വർക്ക്- മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള റോഡ് ഡ്രൈനേജ് പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഇനം ഉൾപ്പെടുത്തി തുക ചെലവഴിച്ചിട്ടുണ്ട്. Dozer, Hydraulic Excavator Hitachi തുടങ്ങിയ യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ ,മെഷീനറി ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2/3.5.3) ആണ് അനുവദനീയമായത്. എന്നാൽ മേൽ പ്രവൃത്തികളിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി രേഖപ്പെടുത്തി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

1.

| | |
|---|---|
| പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും | തെക്കുംപാട് ഊത്താലക്കുണ്ട് കോട്ടമ്മൽ റോഡ് ഡ്രൈനേജ് നിർമ്മാണം (51/23) |
| മണ്ണെടുത്ത അളവ് | ശരാശരി 130 മീറ്റർ വരെ നീളത്തിലും 115 സെ.മീ. വീതിയിലും 15 സെ.മീ. ആഴത്തിലുമായി (133.85 M3) |
| അടങ്കൽ/ ചെലവ് | 893000/892059 |
| കരാർ | 15/19.1.22 |
| ടി എസ് .നം./തുക | 65320/2021-22, (DSR-2018,CI 36.44%)<br>1250000/- |
| ബിൽ റഫറൻസ് നം. | 22150163022300454923/<br>24.8.22 |
| M Book | 7/21-22 |
| കരാറുകാരൻ | ശ്രീ. അബ്ദുൽ കരീം. പി.എം.<br>(28.63 % Below)<br>ക്വാട്ട് ചെയ്ത തുക-796481 +Gst |

| | |
|---|---|
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% (28.63% ബിലോ- @ 257.56/എം3) | 34474/- (133.85 $M^3$ * 257.56/$m^3$) |

2.

| | |
|---|---|
| പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും | ചെക്ക് പോസ്റ്റ് പാറക്കടവ് റോഡ് ഡ്രൈനേജ് നിർമ്മാണം (63/23) |
| മണ്ണെടുത്ത അളവ് | 88 മീറ്റർ വരെ നീളത്തിലും 95 സെ.മീ. വീതിയിലും 75സെ.മീ. ആഴത്തിലുമായി (63.111 M3) |
| അടങ്കൽ/ ചെലവ്/ഫണ്ട് | 500000/443120/ സിഎഫ്സി |
| കരാർ | 23/23.1.2023 |
| ടി എസ് .നം. | 47595/2022-23/03.11.2022, (DSR-2018,CI 36.44%) |
| വൗച്ചർനം. | XVFC/2022-23/P/88/28.3.2023 |
| M Book | E-M BOOK |
| കരാറുകാരൻ | ശ്രീ. ഇബ്രാഹിംകുട്ടി.പി.കെ. ക്വാട്ട് ചെയ്ത തുക-453198+ GST 18% |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% (6.99% അധികം) 386/$m^3$ | 24361/- (63.111 $M^3$ * 386/$m^3$) |

യന്ത്രങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിലൂടെ ചെലവ് കുറക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിരിക്കേ മനുഷ്യ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിലൂടെ അധിക ചെലവ് വന്നിട്ടുണ്ട് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 4/19.12.2023 ന് ലഭ്യമാക്കിയ മറുപടിയിൽ 3.5.3 പ്രകാരമുള്ള ഐറ്റം ഡ്രൈനേജ് നിർമ്മാണത്തിന് മണ്ണ് നീക്കാനുള്ളതല്ലെന്നും റോഡ് നിർമ്മാണ സ്ഥലങ്ങളിൽ വലിയ തോതിൽ വരുന്ന കുന്നുകളും ചെരിവുകളും നീക്കാൻ വേണ്ടി മാത്രമുള്ളതാണെന്നും അറിയിച്ചു. കൂടാതെ Bulk Quantity Of Soil നെ കുറിച്ചാണ് ഈ ഐറ്റത്തിൽ പറയുന്നതെന്നും 30-35 ടൺ ഭാരമുള്ള വലിയ Hydrolic Excavator ന് മാത്രമാണ് ഈ ഐറ്റത്തിലുള്ള .90 M3 ശേഷിയുള്ള ബക്കറ്റ് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂവെന്നും അത്രയും ശേഷിയുള്ള Excavator കൾ LSGI റോഡുകളിൽ ഉപയോഗിക്കൽ പ്രായോഗികമല്ലെന്നും അറിയിച്ചു. ഐറ്റം 3.5.2 ൽ റോഡ് വർക്കിന്റെ ഭാഗമായി മണ്ണ് Excavator ന്റെ മുൻ വശത്തെ ബക്കറ്റ് ഉപയോഗിച്ച് നീക്കി മാറ്റുന്നതിനാണ് ഉപയോഗിക്കുന്നതെന്നും Lift എന്ന പദം തന്നെ ഉപയോഗിച്ചിട്ടില്ലെന്നും ആയതിനാൽ ഡ്രൈനേജ് നിർമ്മാണവുമായി ഈ ഐറ്റത്തിന് യാതൊരു ബന്ധവുമില്ലെന്നും അറിയിച്ചു. ആയതിനാൽ ഡ്രൈനേജ് പ്രവൃത്തികളിൽ ഐറ്റം. 3.5.2, 3. 5.3 എന്നിവ നൽകാനാവാത്തതിനാൽ DAR-2018 ൽ Earth Work Excavation ന് ഉപയോഗിക്കുന്ന 2.8.1 ന് അടുത്ത് വരുന്ന നിരക്ക് എന്ന നിലയിലാണ് 3.5.1 പ്രകാരമുള്ള നിരക്ക് നൽകിയതെന്നും അറിയിച്ചു. അസി. എഞ്ചിനീയറുടെ മേൽ മറുപടി വസ്തുതാപരമാണെങ്കിലും കരാറുകാർ മേൽ പ്രവൃത്തി ചെയ്തത് HITACHI പോലെയുള്ള ചെറിയ EXCAVATOR കൾ ഉപയോഗിച്ചാണ് എന്ന് വ്യക്തമാണ്. ആയതിനാൽ MORD SPECIFICATION ൽ സമാനമായ ഡാറ്റയില്ലെങ്കിൽ OBSERVED DATA തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും പ്രവൃത്തി മൂല്യനിർണ്ണയം ചെയ്യേണ്ടതും. എന്നാൽ ഇപ്രകാരം ചെയ്യാതെ മനുഷ്യരെ വെച്ച് പ്രവൃത്തി ചെയ്തു എന്ന് കണക്കാക്കി ഡാറ്റ 3.5.1 ഉപയോഗിച്ചത് ക്രമ പ്രകാരമല്ല.

## 1-16 പുളിക്കലാംകുന്ന് കുടിവെള്ള പദ്ധതി- ജല ലഭ്യത ഉറപ്പ് വരുത്തിയില്ല.പദ്ധതി മുടങ്ങിക്കിടക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആവിഷ്കരിച്ച മൊറയൂർ ഗ്രാമ പഞ്ചായത്തിലെ പുളിക്കലാംകുന്ന് കുടി വെള്ള പദ്ധതിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ

പ്രോജക്ട് നം. 49/23

അടങ്കൽ - 1101000

ഫണ്ടിനം- സി.എഫ്.സി- 11 ലക്ഷം, തനത്-1000

കരാറുകാരൻ- ശ്രീ. അനസ്.കെ.പി.

കരാർ- 1/ 6.9.2022

ചെലവ് തുക-980145

വൗച്ചർ നം. XVFC/2022-23/P/58/5.1.2023

എംബുക്ക്-15/21-22

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ കുഴൽ കിണർ നിർമ്മാണം, പമ്പിംഗ് മെയിൻ, വിതരണ ലൈൻ, മോട്ടോർ സ്ഥാപിക്കൽ, ബൂത്ത് പമ്പ് ഹൗസ്, ടാങ്ക് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഭൂജല ജില്ലാ ഓഫീസറുടെ 16.9.2022 ലെ ജി.എം.858/2021 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ശ്രീ. അലവി ബംഗലത്ത് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കുഴൽ കിണർ കുഴിക്കാൻ അനുയോജ്യമാണെന്ന ഫീസിബിലിറ്റി നൽകിയിട്ടുണ്ട്. (ആഴം- 100 Meter, Dia-110mm) (എസ്റ്റിമേറ്റ് തുക- 57419 രൂപ). ഫീസിബിലിറ്റിയുടെ അടിസ്ഥാനത്തിൽ കുഴൽ കിണർ കുഴിച്ചെങ്കിലും യീൽഡ് ടെസ്റ്റ് നടത്തിയതിൽ ഒരു മണിക്കൂറിൽ 2000 ലിറ്റർ വെള്ളം മാത്രമേ ലഭിക്കുകയുള്ളുവെന്ന് ഭൂജല വകുപ്പ് അറിയിച്ചിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ പുതിയ സ്രോതസ്സ് കണ്ട് പിടിച്ചാൽ മാത്രമേ പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളൂവെന്ന് അസി. എഞ്ചിനീയർ 3.11.2022 ലെ D1/736/AEE/LSGD/MPM/2019-20 നമ്പർ കത്തിൽ നിർവ്വഹണ ഘട്ടത്തിൽ തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നു. എന്നാൽ ഭാവിയിൽ ജല ലഭ്യത കുറയുന്ന പക്ഷം അഡീഷണൽ Source കണ്ടെത്താൻ വേണ്ട നടപടി സ്വീകരിക്കുമെന്ന ഭരണ സമിതിയുടെ തീരുമാനത്തിന്റെയടിസ്ഥാനത്തില് (തീരുമാനം.നം.2/3,3.11.2022) പദ്ധതി നടപ്പാക്കുകയും 10000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും 7.5HP മോട്ടോറും സ്ഥാപിക്കുകയും ചെയ്തു.

22.12.2023 ന് അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ പദ്ധതി നിലവിൽ പ്രവർത്തനക്ഷമമല്ലെന്ന് കണ്ടു. കുഴൽ കിണറിൽ വെള്ളം കുറവായതിനാലാണ് പദ്ധതി പ്രയോജനപ്പെടുത്താൻ സാധിക്കാതിരിക്കുന്നത്. ജല ലഭ്യത പരിഗണിക്കാതെ തുടർ പ്രവർത്തനങ്ങൾ നടത്തിയതിനാൽ പദ്ധതിയുടെ ആസ്തികൾ മുടങ്ങിക്കിടക്കുന്ന സ്ഥിതിയിലാണുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 6/20.12.2023 നുള്ള മറുപടിയിൽ അഡീഷണൽ SOURCE കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

അഡീഷണൽ SOURCE കണ്ടെത്തുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതും പദ്ധതി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 എസ്.സി പഠനമുറി -നിർമ്മാണം പൂർത്തീകരിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ എസ്.സി പഠനമുറി നിർമ്മാണം എന്ന പദ്ധതിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ,

പ്രോജക്ട് നം. 137/23

അടങ്കൽ - 2500000

ചെലവ്- 2350000

ഫണ്ടിനം- പ്ലാൻ (എസ്.സി.പി)

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി പ്രകാരം എഗ്രിമെന്റ് വെച്ച്50000 രൂപ മുൻകൂർ കൈപറ്റിയ (BRN-22150163021900864573/05.12.22) ശ്രീമതി.സജിത,കാക്കേരി ഹൗസ്, കൊളത്തുപറമ്പ് ,ഒതുക്കുങ്ങൽ ഗ്രാ.പ. എന്ന ഗുണഭോക്താവ് പഠന മുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറി നമ്പർ- 16/22.12.2023 നുള്ള മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും വാല്വേഷൻ ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

മേൽ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെയും മൂല്യ നിർണ്ണയം നടത്തി അവസാന ഗഡു നൽകിയതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 തടപ്പറമ്പ് കുടിവെള്ള പദ്ധതി- പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആവിഷ്കരിച്ച മൊറയൂർ ഗ്രാമ പഞ്ചായത്തിലെ തടപ്പറമ്പ് കുടി വെള്ള പദ്ധതിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ

പ്രോജക്ട് നം. 26/23

അടങ്കൽ - 600000

ഫണ്ടിനം- സി.എഫ്.സി

കരാറുകാരൻ- ശ്രീ. തബ്സീർ.ടി.

കരാർ- 25/ 27.2.2023

ചെലവ് തുക-310928 (Part Bill)

വൗച്ചർ നം. XVFC/2022-23/P/86/28.3.2023

മേൽ പ്രവൃത്തിക്ക് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നിലവിലുള്ള 6മീറ്റർ വ്യാസമുള്ള കിണറിന് ഗ്രിൽ സ്ഥാപിക്കുക, പമ്പിംഗ് മെയിൻ സ്ഥാപിക്കുക, മോട്ടോർ സ്ഥാപിക്കൽ, ബൂത്ത് പമ്പ് ഹൗസ്, ടാങ്ക് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തുമായി ചേർന്ന് സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കിയത്. ടാങ്ക് സ്ഥാപിക്കുന്നതിന് 500000 രൂപ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെന്നും ബാക്കി പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് ചെയ്യുന്നതിന് സമ്മതമാണെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ 30.1.2023 ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. വിതരണ ലൈൻ സ്ഥാപിക്കുന്നതും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതും ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

പദ്ധതി സൈറ്റ് 21.12.2023 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചതിൽ പദ്ധതി നാളിതു വരെ പ്രവർത്തനക്ഷമമായിട്ടില്ലെന്ന് വ്യക്തമായി. ബ്ലോക്ക് പഞ്ചായത്തിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഏറ്റെടുത്ത പ്രവൃത്തികളിൽ ടാങ്ക് പ്ലാറ്റ് ഫോം(column Based Concrete Platform) സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സ്ഥാപിച്ച പ്ലാറ്റ്ഫോമിൽ ബ്ലോക്ക് പഞ്ചായത്ത് ടാങ്ക് സ്ഥാപിച്ചു. മോട്ടോർ, ബൂത്ത് പമ്പ് ഹൗസ് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. വിതരണ ലൈൻ സ്ഥാപിക്കുകയോ വൈദ്യുതി കണക്ഷൻ ലഭിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ച ആസ്തികൾ മുടങ്ങിക്കിടക്കുന്നു.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള കാര്യങ്ങളിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

1. കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള വിതരണലൈൻ സ്ഥാപിക്കൽ , വൈദ്യുതി കണക്ഷൻ എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതിന് കാരണം.

2. ടാങ്ക് നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് തുക വകയിരുത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ കാരണം.

3. ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും സംയുക്തമായാണ് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം ഗ്രാമ പഞ്ചായത്തിന് കൈമാറുകയാണ് വേണ്ടത്. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഗ്രാമ പഞ്ചായത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നത് വരെ കാത്തിരിക്കേണ്ട അവസ്ഥ ഒഴിവാക്കാമായിരുന്നു.

4. കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 18/22.12.2023 നുള്ള മറുപടി ചുവടെ ചേർക്കുന്നു.
1. വിതരണ ലൈനിന് വേണ്ടി MAIN DISTRIBUTION LINE 90 മീറ്റർ നീളത്തിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയ ഫണ്ട് തികയാതെ വന്നതിനാലാണ് വീടുകളിലേക്കുള്ള മുഴുവൻ വിതരണ ലൈനും വൈദ്യുതി കണക്ഷൻ ലഭ്യമാക്കലും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നത്. ആയതിനുള്ള ഫണ്ട് പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തുകയും 5 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.
2. ഗ്രാമ പഞ്ചായത്ത് WATER TANK സ്ഥാപിക്കുന്നതിനുള്ള പ്ലാറ്റ് ഫോം മാത്രമാണ് സ്ഥാപിച്ചത്. ടാങ്ക് ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ് സ്ഥാപിച്ചിട്ടുള്ളത്.
3. സംയുക്തമായി നടപ്പാക്കുന്ന പ്രോജക്റ്റിൽ ഗ്രാമ പഞ്ചായത്തിന് വിഹിതം കൈമാറിയിരുന്നുവെങ്കിൽ പൂർത്തീകരിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാമായിരുന്നു എന്നത് അംഗീകരിക്കുന്നു.
4. പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് 2023-24 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തിയ വിതരണ ലൈനും വൈദ്യുതി കണക്ഷൻ ലഭ്യമാക്കലും പൂർത്തിയായാൽ പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതാണ്.
പദ്ധതി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 അതിയാരത്ത് പറമ്പ് കുടിവെള്ള പദ്ധതി- പൂർത്തീകരിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആവിഷ്കരിച്ച മൊറയൂർ ഗ്രാമ പഞ്ചായത്തിലെ അതിയാരത്ത് പറമ്പ് കുടിവെള്ള പദ്ധതിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ

പ്രോജക്റ്റ് നം. 54/23

അടങ്കൽ - 500000

ഫണ്ടിനം- സി.എഫ്.സി

കരാറുകാരൻ- ശ്രീ. ഷംസുദ്ധീൻ .കെ.

കരാർ- 7/ 14.9.2022

ചെലവ് തുക-56175 (Part Bill)

വൗച്ചർ നം. XVFC/2022-23/P/55/23.12.2022

മേൽ പ്രവൃത്തിക്ക് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കുഴൽകിണർ കുഴിക്കൽ , പമ്പിംഗ് മെയിൻ സ്ഥാപിക്കുക, മോട്ടോർ സ്ഥാപിക്കൽ, വിതരണ ലൈൻ സ്ഥാപിക്കുക, ടാങ്ക് സ്ഥാപിക്കുക, എന്നീയിനം പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇലക്ട്രിക്കൽ കണക്ഷന് വേണ്ടി ലംപ്സമായി തുക വകയിരുത്തിയിട്ടുമുണ്ട്. മേൽ പദ്ധതിക്ക് വേണ്ടി കുഴൽ കിണർ കുഴിക്കുന്നതിന് ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റിന്റെയടിസ്ഥാനത്തിൽ 56175 രൂപ വകുപ്പിലേക്ക് അടവാക്കി. ആയത് പ്രകാരം 45350 രൂപ ചെലവഴിച്ച് കുഴൽകിണർ കുഴിച്ചതായും ബാക്കി 10825 രൂപ ബ്ലോക്ക് പഞ്ചായത്തിന് തിരിച്ച് നൽകിയതായും 26.7.2023 ലെ ജി.എം. 858/2021 നമ്പർ കത്തിൽ ഭൂജല വകുപ്പ്, ജില്ലാ ഓഫീസർ അറിയിച്ചിട്ടുണ്ട്. കുഴൽ കിണർ കുഴിച്ചെങ്കിലും മറ്റ് തുടർ പ്രവർത്തനങ്ങൾ നടന്നതായി വിവരമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 19/22.12.2023 നുള്ള മറുപടിയിൽ 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ടാങ്ക് നിർമ്മാണം, പമ്പിംഗ് മെയിൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് അനിവാര്യമായ തുടർ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 വാഹന വാടക നൽകിയതിൻമേൽ ആദായ നികുതി കുറവ് ചെയ്തില്ല

ബ്ലോക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകക്കെടുക്കൽ എന്ന പ്രോജക്ടിന്റെ ഭാഗമായി (പ്രോജക്ട് നമ്പർ- 25/23) ശ്രീ.അബ്ദുള്ള ഫവാസ് എന്നവർക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്, 5.9.2022 ന് ടിയാനുമായി ചമച്ച കരാർ പ്രകാരം പ്രതിമാസം 34900 രൂപ നിരക്കിലാണ് വാഹനം (KL-2 BG -6260, Mahindra Bolero Model Car ) വാടകയ്ക്ക് എടുത്തിരിക്കുന്നത്. Income Tax Act 1961, Sec. 194C പ്രകാരം , വാടകയിനത്തിൽ അനുവദിക്കുന്ന തുക (Single Payment) 30,000 രൂപക്ക് മുകളിൽ വരുന്നുവെങ്കിലും ,ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000 രൂപക്ക് മുകളിൽ വരുന്നുവെങ്കിലും 194C പ്രകാരമുള്ള നികുതി അടക്കാൻ ടിയാൻ ബാധ്യസ്ഥനാണ് (Transportation Contract). ശ്രീ. ഫവാസുമായുള്ള കരാറിൽ ക്രമ നമ്പർ 7 ൽ ഇപ്രകാരം ടാക്സ് കുറവ് ചെയ്യുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാഹന വാടകയായി അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്.

തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ റഫറൻസ് നമ്പർ | അനുവദിച്ച തുക | കാലയളവ് |
|---|---|---|
| 2215016302170064 6962/14.10.22 | 30247 | 9/22 |
| 2215016302170072 0402/2.11.2022 | 34900 | 10/22 |
| 2215016302170086 4773/5.12.2022 | 34900 | 11/22 |
| 2215016302170099 9114/4.1.2023 | 34900 | 12/22 |
| 2215016302170112 1230/1.2.2023 | 34900 | 1/23 |
| 2215016302170135 2509/15.3.2023 | 34900 | 2/23 |
| **ആകെ** | **204747** | |

എന്നാൽ ടി-യാനിൽ നിന്നും 1 ശതമാനം കുറവ് ചെയ്ത് ആദായ നികുതി വകുപ്പിലേക്ക് അടവാക്കിയിട്ടില്ല. നിയമപ്രകാരമുള്ള നികുതി ഈടാക്കാതിരുന്നതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 17/22.12.2023 നുള്ള മറുപടിയിൽ 2023-24 വർഷം മുതൽ ഐ.ടി. ഈടാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. 2022-23 വർഷത്തെ നികുതി ഈടാക്കി ആദായ നികുതി വകുപ്പിലേക്ക് അടവാക്കേണ്ടതും മേലിൽ ഇത്തരം അപാകത വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 ബ്ലോക്ക് പഞ്ചായത്ത് തീരുമാനം നടപ്പിലാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒളുക്കങ്ങൽ വനിതാ വ്യവസായ കേന്ദ്രത്തിലെ ഒന്നാം നിലയിലെ ഹാൾ വാടകക്കെടുത്ത ശ്രീമതി. പുഷ്പലത കുന്നൻ,w/0.ചന്ദ്രൻ, ചെറുകുന്ന്, ഒളുക്കങ്ങൽ എന്നവർ വാടകയിനത്തിൽ കുടിശ്ശിക വരുത്തിയ തുക നിരവധി തവണ നോട്ടീസ് നൽകിയിട്ടും അടവാക്കാത്തതിനാൽ ടി-യാളിൽ ഹാൾ തിരിച്ചെടുക്കുന്നതിനും കുടിശ്ശികയിനത്തിൽ അടവാക്കാനുള്ള തുക ടിയാളുടെ ഡെപ്പോസിറ്റ് തുകയിൽ നിന്നും ഈടാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 13.7.2022 ലെ യോഗത്തിൽ തീരുമാനമെടുത്തിരുന്നു.( തീരുമാനം നമ്പർ- 4/1)

എന്നാൽ 20.9.2022 ലും 17.5.2023 ലുമായി നോട്ടീസ് നൽകിയത് കൂടാതെ മറ്റ് തുടർ നടപടികളൊന്നും ഇക്കാര്യത്തിലുണ്ടായിട്ടില്ല. വാടക കുടിശ്ശിക നാളിതു വരെ അടവാക്കിയിട്ടുമില്ല. ഭരണ സമിതി തീരുമാനം നടപ്പിലാക്കുന്നതിലുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കേണ്ടതും കുടിശ്ശിക തുക പിഴപലിശ സഹിതം ഈടാക്കേണ്ടതും അടവ് വിവരം അറിയിക്കേണ്ടതുമാണ്.

( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 20/23.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-22 ഹരിത കർമ്മസേനക്ക് ബെയിലിംഗ് മെഷീൻ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ട് : 7/23 (ഗ്രാമ പഞ്ചായത്തുകളിലെ ഹരിത കർമ്മ സേനക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ)

അടങ്കൽ തുക : 12,20,100/-

ചെലവ് തുക : 12,03,600/-

ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ്

വൗച്ചർ നമ്പർ / തിയ്യതി : XVFC/2022-23/P/84 തിയ്യതി : 28.03.2023

ബ്ലോക്ക് പരിധിയിലെ 3 ഗ്രാമ പഞ്ചായത്തുകളിലെ ഹരിത കർമ്മസേനക്ക് ബെയിലിംഗ് മെഷീൻ വാങ്ങി നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. മെഷീൻ വാങ്ങുന്നതിനായി റീ ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം ലഭ്യമായ ടെണ്ടറുകളിൽ കുറവ് തുക ക്വാട്ട് ചെയ്ത 'പ്രകൃതി' ആലുവ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് (ബെയിലിംഗ് മെഷീൻ ഒന്നിന് 4,01,200 രൂപ നിരക്കിൽ) 3 ബെയിലിംഗ് മെഷീനുകൾ പർച്ചേസ് ചെയ്തു. (ഇൻവോയ്സ് നമ്പർ 94/15.03.2023) മേൽ ബെയിലിംഗ് മെഷീനുകൾ 17.03.2023 ന് ഒതുക്കുങ്ങൽ, ആനക്കയം, പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ കൈപ്പറ്റിയതിന്റെ സാക്ഷ്യപത്രം ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ 5 പഞ്ചായത്തുകൾക്ക് ബെയിലിംഗ് മെഷീൻ വാങ്ങി നൽകാനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. എന്നാൽ പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ആവശ്യകതാ വിവരം തേടിയില്ല. പഞ്ചായത്തുകളെ പദ്ധതിക്കായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ഉറപ്പു വരുത്തിയിട്ടില്ല.

2. സ്ഥാപനം ലഭ്യമാക്കിയ ടെണ്ടറിനോടൊപ്പം സമർപ്പിച്ച സ്പെസിഫിക്കേഷൻ റിപ്പോർട്ടിൽ മെഷീനിന് 2 വർഷം ഗ്യാരണ്ടി ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സിൽ അക്കാര്യം സൂചിപ്പിച്ചിട്ടില്ല. സ്ഥാപനവുമായി 01.02.2023 ന് സെക്രട്ടറി ഒപ്പുവെച്ച കരാർ പ്രകാരം മെഷീൻ സ്ഥാപിക്കുന്നതിന്റെയും, ഗ്യാരണ്ടി കാലാവധി തീരുന്നത് വരെ മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിന്റെയും ഉത്തരവാദിത്തം സപ്ലെയർക്ക് ഉണ്ട്. കരാർ 1 (A) പ്രകാരം ഗ്യാരണ്ടി സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും, ഗ്യാരണ്ടി കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. ഗ്വാരണ്ടി പത്രം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് കൈമാറിയതിന്റെയും വിവരം ലഭ്യമല്ല.

3. കരാർ പ്രകാരം മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമായത് LSG/Procurement ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ 3 പഞ്ചായത്തിലും മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചതിന്റെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് ഇല്ല.

4. മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്തുകളിലെ വി.ഇ.ഒ മാരെ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടപ്പോൾ, (A) ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമായിട്ടില്ല എന്ന് വ്യക്തമായി. എം.സി.എഫിൽ മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദ്യുതി സൗകര്യം ഇല്ലാത്തതിനാൽ മെഷീൻ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് അറിയിച്ചത്. (B) ആനക്കയം ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമായിട്ടില്ല എന്ന് വ്യക്തമായി. എം.സി.എഫിൽ മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദ്യുതി സൗകര്യം (ത്രീ ഫേസ് കണക്ഷൻ) ഇല്ലാത്തതിനാൽ മെഷീൻ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് അറിയിച്ചത്. ത്രീ ഫേസ് കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നും അറിയിച്ചു. (C) പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചിരുന്നെങ്കിലും, നിലവിൽ എം.സി.എഫ് കെട്ടിടത്തിൽ വൈദ്യുതി വിച്ഛേദിച്ചതിനാൽ മെഷീൻ പ്രവർത്തിപ്പിക്കുന്നില്ല എന്നാണ് അറിയിച്ചത്.

മെഷീനുകളുടെ സ്പെസിഫിക്കേഷൻ പ്രകാരം അവ പ്രവർത്തിപ്പിക്കുന്നതിന് ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ആവശ്യമാണ്. എന്നാൽ എം.സി.എഫിൽ അത്തരം സൗകര്യങ്ങൾ ഉണ്ടോ എന്ന് മുൻകൂട്ടി ഉറപ്പ് വരുത്തിയിട്ടില്ല. മെഷീനുകൾ വാങ്ങുന്നതിനുള്ള ആവശ്യകത മുൻകൂട്ടി നിശ്ചയിക്കാതെയും, ഭൗതിക സൗകര്യങ്ങൾ ഉറപ്പ് വരുത്താതെയും, ഗ്രാമ പഞ്ചായത്തുകളുടെ റിക്വസ്റ്റ് ഇല്ലാതെയും പ്രൊജക്ട് തയ്യാറാക്കി മെഷീനുകൾ പർച്ചസ് ചെയ്തത് ക്രമ പ്രകാരമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/21.12.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും, ബെയിലിംഗ്

മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 12,03,600/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 ബ്ലോക്ക് ഓഫീസ് നവീകരണം - പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്റ്റ് - 149/23 (ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ് നവീകരണം)

അടങ്കൽ തുക – 28,86,136/-

ചെലവ് തുക – 26,65,008/-

ഫണ്ട് - മെയിന്റനൻസ് ഫണ്ട് റോഡിതരം

| ചെലവ് വിശദാംശം | | കിഴിവുകൾ | |
|---|---|---|---|
| ബിൽ റഫറൻസ് നമ്പർ / തിയ്യതി | തുക | IT | 21546 |
| 22150163000601537839/28.03.2023 | 925769 | KBOCWW BOARD | 21546 |
| 22150163000601539100/28.03.2023 | 922414 | GST | 43092 |
| 22150163000601541117/28.03.2023 | 816825 | ARTCO | 2578824 |
| ആകെ | 2665008 | | 2665008 |

ബ്ലോക്ക് ഓഫീസ്, കോൺഫറൻസ് ഹാൾ എന്നിവയുടെ നവീകരണത്തിന് അക്രഡിറ്റഡ് ഏജൻസിയായ Artisans Development Co-operative Ltd (ARTCO) മുഖേന ഇന്റീരിയർ വർക്കുകൾ നടത്തുന്നതിനാണ് പ്രൊജക്റ്റ് വിഭാവനം ചെയ്തത്. ARTCO യുടെ 2023/4625 നമ്പർ എസ്റ്റിമേറ്റ് പ്രകാരം, ഇന്റീരിയർ വർക്ക്, പ്ലംബിംഗ്, ഇലക്ട്രിക്കൽ വർക്ക് എന്നിവ കൂടാതെ പാർക്കിംഗ് ഏരിയ ട്രസ്സ് വർക്ക് കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഫിനാൻസ് ഇൻഡസ്ട്രീസ് & പബ്ലിക്ക് വർക്ക് - ബി വകുപ്പിന്റെ 02.09.2022 ലെ GO(P)No. 104/2022/Fin, GO(P)No. 07/2022/Fin Dt: 17.01.2022 ഉത്തരവുകൾ പ്രകാരം Artisans Development Co-operative Ltd (ARTCO) യെ Non-PMC ആയി ഇന്റീരിയർ ഫർണീഷിംഗ് വർക്കുകൾ നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം ബ്ലോക്ക് ഓഫീസ് മുറ്റം/പാർക്കിംഗ് ഏരിയ ഷീറ്റിടൽ ട്രസ്സ് വർക്ക് പ്രവൃത്തി കൂടി ചെയ്തതായി ഫയൽ പരിശോധനയിൽ വ്യക്തമായി. പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി | തുക | 5% Centage Charge + 18% GST ഉൾപ്പെടെയുള്ള തുക | എം.ബുക്ക് നമ്പർ |
|---|---|---|---|---|
| 18 | Steel Work In Built Up G I Tubular (Round, Square) Trusses Etc.. | 360105.06 | 446170 | MLPM - 4 |
| 19 | Providing And Fixing Precoated Galvanised Iron Profile Sheet | 167421.87 | 207436 | |
| ആകെ | | | 6,53,606 | |

ഇന്റീരിയർ വർക്കുകൾ ടെണ്ടർ കൂടാതെ നേരിട്ട് ഏൽപ്പിക്കുന്നതിന് അനുമതിയുള്ള പ്രസ്തുത അക്രഡിറ്റഡ് ഏജൻസി മുഖേന ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ ട്രസ്സ് വർക്ക് ചെയ്ത നടപടി ക്രമപ്രകാരമല്ല.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/21.12.2023) മറുപടി ലഭ്യമാക്കിയില്ല. ഇന്റീരിയർ വർക്കുകൾ ടെണ്ടർ കൂടാതെ നേരിട്ട് ഏൽപ്പിക്കുന്നതിന് അനുമതിയുള്ള അക്രഡിറ്റഡ് ഏജൻസി മുഖേന ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ 6,53,606 രൂപയുടെ ട്രസ്സ് വർക്ക് കൂടി ചെയ്തതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ട്രസ്സ് വർക്ക് പ്രവൃത്തിയുടെ ചെലവ് തുക 6,53,606 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

സെക്രട്ടറി 2022-23 വർഷത്തിൽ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രൊജക്റ്റുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രൊജക്റ്റുകളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-24-1 പ്രൊജക്റ്റ് നമ്പർ 36/23 ലൈഫ് ഭവന പദ്ധതി - എസ്.സി

അടങ്കൽ തുക : 72,57,860 രൂപ

ചെലവ് തുക : 72,57,860 രൂപ

ഫണ്ട് : വികസന ഫണ്ട് ജനറൽ - 2268000, വികസന ഫണ്ട് (എസ്.സി.പി) - 4989860

| വൗച്ചർ നമ്പർ /തിയ്യതി | തുക | വിഹിതം നൽകിയ സ്ഥാപനം | കുറിപ്പ് |
|---|---|---|---|
| 22200526/13.01.2023 | 640000 | മൊറയൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200536/28.01.2023 | 1080000 | മൊറയൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200563/15.02.2023 | 532200 | മൊറയൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200625/28.03.2023 | 15800 | പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200463/11.11.2022 | 1040000 | പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200484/30.11.2023 | 738000 | പൊൻമള ഗ്രാമ പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് |
| 22200500/13.12.2022 | 440000 | ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200501/14.12.2023 | 100000 | ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 22200515/04.01.2023 | 320000 | മൊറയൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200564/16.02.2023 | 800000 | കോഡൂർ ഗ്രാമ പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് |
| 22200580/06.03.2023 | 700000 | കോഡൂർ ഗ്രാമ പഞ്ചായത്ത് | |
| 22200591/13.03.2023 | 480000 | പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200592/13.03.2023 | 240000 | പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200593/13.03.2023 | 80000 | ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200609/27.03.2023 | 51860 | പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| ആകെ | **7257860** | | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/21.12.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമല്ലാത്തവയുടെ ചെലവ് തുക **50,19,860** രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24-2 പ്രൊജക്റ്റ് നമ്പർ 35/23 ലൈഫ് ഭവന പദ്ധതി - ജനറൽ

അടങ്കൽ തുക : 50,70,874 രൂപ

ചെലവ് തുക : 50,70,874 രൂപ

ഫണ്ട് : വികസന ഫണ്ട് ജനറൽ

| വൗച്ചർ നമ്പർ /തിയ്യതി | തുക | വിഹിതം നൽകിയ സ്ഥാപനം | കുറിപ്പ് |
|---|---|---|---|
| 22200451/11.10.2022 | 160000 | പൊൻമള ഗ്രാമ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | | പഞ്ചായത്ത് | |
| 22200496/12.12.2022 | 100000 | ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200514/04.01.2023 | 640000 | മൊറയൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200558/09.02.2023 | 600000 | ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200562/14.02.2023 | 1080000 | മൊറയൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 22200585/08.03.2023 | 1190847 | കോഡൂർ ഗ്രാമ പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് |
| 22200590/13.03.2023 | 1300000 | പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| ആകെ | **5070847** | | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/21.12.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമല്ലാത്തവയുടെ ചെലവ് തുക **37,20,000** രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24-3 പ്രൊജക്റ്റ് നമ്പർ 116/23 ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം പൂക്കോട്ടൂർ പഞ്ചായത്തിന് വിഹിതം നൽകൽ

അടങ്കൽ തുക : 14,00,000 രൂപ

ചെലവ് തുക : 9,78,779 രൂപ

ഫണ്ട് : വികസന ഫണ്ട് ജനറൽ

| വൗച്ചർ നമ്പർ /തിയ്യതി | തുക | വിഹിതം നൽകിയ സ്ഥാപനം | കുറിപ്പ് |
|---|---|---|---|
| 22200628/28.03.2023 | 978779 | പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/21.12.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക **9,78,779** രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24-4 പ്രൊജക്റ്റ് നമ്പർ 142/23 ഒതുക്കുങ്ങൽ വനിതാ വ്യവസായ കേന്ദ്രത്തിനോടനുബന്ധിച്ചുള്ള ലൈബ്രറി കെട്ടിടത്തിലേക്ക് റാക്കും ഫർണിച്ചറും വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ

അടങ്കൽ തുക : 2,00,000 രൂപ

ചെലവ് തുക : 1,99,983 രൂപ

ഫണ്ട് : മെയിന്റനൻസ് ഫണ്ട് റോഡിതരം

| വൗച്ചർ നമ്പർ /തിയ്യതി | തുക | വിഹിതം നൽകിയ സ്ഥാപനം | കുറിപ്പ് |
|---|---|---|---|
| 22200575/01.03.2023 | 199983 | ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/21.12.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക **1,99,983** രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24-5 പ്രൊജക്റ്റ് നമ്പർ 16/23 ആശ്രയ പദ്ധതി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

അടങ്കൽ തുക : 3,00,000 രൂപ

ചെലവ് തുക : 2,00,000 രൂപ

ഫണ്ട് : വികസന ഫണ്ട് ജനറൽ

| വൗച്ചർ നമ്പർ /തിയ്യതി | തുക | വിഹിതം നൽകിയ സ്ഥാപനം | കുറിപ്പ് |
|---|---|---|---|
| 22200566/17.02.2023 | 50000 | കോഡൂർ ഗ്രാമ പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് |
| 22200581/07.03.2023 | 150000 | ആനക്കയം ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| ആകെ | 200000 | | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/21.12.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമല്ലാത്തവയുടെ ചെലവ് തുക **1,50,000** രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24-6 പ്രൊജക്ട് നമ്പർ 115/23 മേലേ കുളമ്പ് തോട് സംരക്ഷണവും കൾവർട്ട് നിർമ്മാണവും ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ

അടങ്കൽ തുക : 6,12,500 രൂപ

ചെലവ് തുക : 5,00,000 രൂപ

ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ്

| വൗച്ചർ നമ്പർ /തിയ്യതി | തുക | വിഹിതം നൽകിയ സ്ഥാപനം | കുറിപ്പ് |
|---|---|---|---|
| XVFC/2022-23/P/57 തി: 26.12/2022 | 500000 | ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് | പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/21.12.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക **5,00,000** രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 ജനകീയ ഹോട്ടൽ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം - പ്രൊജക്ട് അപാകതകൾ

സെക്രട്ടറി 2022-23 വർഷത്തിൽ നടപ്പാക്കിയ ജനകീയ ഹോട്ടലുകൾക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പ്രൊജക്ടിനായി (പ്രൊജക്ട് നമ്പർ : 93/23) 1,80,000/- രൂപ വകയിരുത്തിയിരുന്നു. 60,000/- രൂപയാണ് തൻവർഷം ഈ പ്രൊജക്ട് പ്രകാരം ചെലവ്. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | തുക | വിഹിതം നൽകിയ സ്ഥാപനം | അടങ്കൽ തുക | ഫണ്ട് |
|---|---|---|---|---|
| 22200487/05.12.2022 | 30,000 | പൊൻമള ഗ്രാമ പഞ്ചായത്ത് | 1,80,000 | വികസന ഫണ്ട് ജനറൽ |
| 22200582/08.03.2023 | 30,000 | മൊറയൂർ ഗ്രാമ പഞ്ചായത്ത് | | |
| ആകെ | 60,000 | | | |

പ്രൊജക്ട് നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

(1)ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ 6 പഞ്ചായത്തുകൾക്ക് ജനകീയ ഹോട്ടൽ നടത്തിപ്പിനായി 30,000 രൂപ വീതം നൽകാനാണ് പ്രൊജക്ട് പ്രാകാരം വിഭാവനം ചെയ്തത്. എന്നാൽ പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ആവശ്യകതാ വിവരം തേടിയില്ല. പ്രൊജക്ട് തുക വകയിരുത്തിയതിന് ശേഷം ഗ്രാമ പഞ്ചായത്തുകളെ അറിയിക്കുകയാണ് ചെയ്തത്.

(2)ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 23.11.2022 ന് 6 ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് അയച്ച സി-2415/2022 നമ്പർ കത്തിൽ പ്രൊജക്ടിനായി 1,80,000/- രൂപ വകയിരുത്തിയിട്ടുണ്ട് എന്നും ഓരോ പഞ്ചായത്തിനും 30,000/- രൂപ അനുവദിക്കുന്നതിനായി റിക്വസ്റ്റ് ലഭ്യമാക്കാനുമാണ് ആവശ്യപ്പെട്ടത്. എന്നാൽ പൊൻമള ഗ്രാമ പഞ്ചായത്ത് മാത്രമാണ് തുക ആവശ്യപ്പെട്ടത്. ആനക്കയം ഗ്രാമ പഞ്ചായത്ത് തുക ആവശ്യമില്ല എന്ന് അറിയിച്ചിട്ടുണ്ട്. 08.02.2023 ന് സി-2415/2022 നമ്പറായി ഗ്രാമ പഞ്ചായത്തുകൾക്ക് വീണ്ടും കത്ത് നൽകിയെങ്കിലും മൊറയൂർ ഗ്രാമ പഞ്ചായത്ത് മാത്രമാണ് തുക ആവശ്യമാണെന്ന് അറിയിച്ചത്. മറ്റു 4 പഞ്ചായത്തുകളും തുക കൈപ്പറ്റാത്തതിനാൽ 1,20,000/- രൂപ പ്രൊജക്ട് ഫണ്ട് ലാപ്സായി പോവാൻ ഇടയായി.

(3)പതിനാലാം പഞ്ചവത്സര പദ്ധതി നവകേരളത്തിന് ജനകീയാസൂത്രണം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക

പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നമ്പർ 84/2022/ത.സ്വ.ഭ.വ തിയ്യതി : 19.04.2022 ഖണ്ഡിക 8.8.3 (3) പ്രകാരം വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ജനകീയ ഹോട്ടലുകൾകൾ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ആരംഭിക്കാവുന്നതും, ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിനുള്ള വാടക, വൈദ്യുതി - വാട്ടർ ചാർജ്ജുകൾ, ശുചിത്വ സൗകര്യങ്ങൾ ഫർണിച്ചർ എന്നിവക്കുള്ള ചെലവ് ഗ്രാമ പഞ്ചായത്ത് വഹിക്കേണ്ടതാണ്. ഗ്രാമ പ്രദേശത്തെ ജനകീയ ഹോട്ടലുകൾക്ക് 10,000/- രൂപ വീതം ജില്ലാ പഞ്ചായത്തിനും, 20000/- രൂപ വീതം ബ്ലോക്ക് പഞ്ചായത്തിനും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. എന്നാൽ പ്രൊജക്ട് പ്രകാരം 30,000/- രൂപ വീതം ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകുകയാണ് ചെയ്തത്. പ്രസ്തുത തുക ഗ്രാമ പഞ്ചായത്തുകൾ എപ്രകാരമാണ്/എന്ത് ആവശ്യത്തിനാണ് വിനിയോഗിച്ചത് എന്ന് വ്യക്തമല്ല.

(4)ആകെ അനുവദിച്ച 60,000/- രൂപയിൽ പെൻമള പഞ്ചായത്തിന് നൽകിയ 30,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമേ ലഭ്യമായിട്ടുള്ളൂ. ആയതിൽ തുക എന്ത് ആവശ്യത്തിനാണ് ഉപയോഗിച്ചത് എന്ന് വ്യക്തമല്ല. മൊറയൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച 30,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 12/21.12.2023) മറുപടി ലഭ്യമാക്കിയില്ല. മറുപടി / വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക 60,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 KWA നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി 2022-23 വർഷത്തിൽ നടപ്പാക്കിയ ചുവടെ ചേർത്ത ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ / പേര് | തുക നിക്ഷേപിച്ച സ്ഥാപനം | അടങ്കൽ/ഫണ്ട് | ചെലവ് വിശദാംശം |
|---|---|---|---|
| 151/23 മുണ്ടക്കോട് നിരപ്പിൽകുടിവെള്ള പദ്ധതി പൈപ്പ് ലൈൻ മാറ്റൽ കെ.ഡബ്ല്യു.എ ക്ക് ഡെപ്പോസിറ്റ് നൽകൽ | കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ മലപ്പുറം | അടങ്കൽ തുക : 8,23,029 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ്<br>ആകെ ചെലവ് തുക : 8,23,029 രൂപ | ബിൽ റഫറൻസ് നമ്പർ/തിയ്യതി : 22150163000601543755/28.03.2023 – 722992<br>ബിൽ റഫറൻസ് നമ്പർ/തിയ്യതി : 22150163000601543767/28.03.2023 – 100037 |
| ആകെ ചെലവ് തുക | | | 8,23,029 |

വാട്ടർ അതോറിറ്റിയും, സെക്രട്ടറിയും തമ്മിൽ ഒപ്പുവെച്ച കരാർ നമ്പർ 7/23 തിയ്യതി : 27.03.2023 (6) പ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. കരാർ വെച്ച് 8 മാസം പിന്നിട്ടിട്ടും പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല.

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 13/21.12.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 8,23,029 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 മുൻകൂർ തുക നൽകി - മരുന്നുകൾ മുഴുവനും ലഭ്യമായില്ല

നിർവഹണം : മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

2022-23 വർഷത്തിൽ സി.എച്ച്.സി യിലേക്ക് വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുക തിരുവനന്തപുരം, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് (KMSCL) മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | മരുന്ന് വാങ്ങുന്നതിന് KMSCL ന് മുൻകൂർ നൽകിയ തുക (പ്രഫോർമ ഇൻവോയ്സ് നമ്പർ) | ബിൽ റഫറൻസ് നമ്പർ / തിയ്യതി | ലഭ്യമായ മരുന്നിന്റെ വിവരം (ഇൻവോയ്സ് നമ്പർ / തുക) | ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 5/23 സെക്കണ്ടറി പാലിയേറ്റീവ് യൂണിറ്റ്<br>അടങ്കൽ തുക : 7,50,000 രൂപ<br>ഫണ്ട് : വികസന ഫണ്ട് ജനറൽ<br>പ്രൊജക്ട് ആകെ ചെലവ് തുക : 7,34,593 രൂപ | 2,79,993 രൂപ (PRF 4389/10.02.2023) | 221501630216014O4399/19.03.2023 | 2493/08.05.2023 - 4457<br>12971/15.07.2023 - 7811<br>ആകെ - 12,268 | 2,67,725 രൂപ (279993 - 12268) |
| 3/23 പൂക്കോട്ടൂർപി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ തുക : 15,00,000 രൂപ<br>ഫണ്ട് : മെയിന്റനൻസ് ഫണ്ട് - റോഡിതരം<br>പ്രൊജക്ട് ആകെ ചെലവ് തുക : 15,00,000 രൂപ | 14,00,000 രൂപ (PRF 1890/28.10.2022) | 22150163021600768991/14.11.2022 | 19136/29.11.2022 - 22176<br>19208/30.11.2022 - 1053<br>19732/12.12.2022 - 9408<br>19901/13.12.2022 - 24640<br>21823/02.01.2023 - 29822<br>22394/07.01.2023 - 14784<br>22290/06.01.2023 - 47981<br>22787/11.01.2023 - 59136<br>23007/13.01.2023 - 8582<br>23159/16.01.2023 - 81058<br>23130/16.01.2023 - 24682<br>24181/30.01.2023 - 21952<br>18905/26.11.2022 - 74424<br>27076/16.03.2023 - 28224<br>27818/27.03.2023 - 20563<br>27831/27.03.2023 - 10752<br>27797/27.03.2023 - 7678<br>1122/19.04.2023 - 6242<br>3566/16.05.2023 - 2268<br>7703/05.06.2023 - | 7,02,534 രൂപ (1400000 - 697466) |

| | | | | |
|---|---|---|---|---|
| | | | 45441 | |
| | | | 10072/20.06.2023 - 45461 | |
| | | | 12941/15.07.2023 - 47152 | |
| | | | 14318/28.07.2023 - 46592 | |
| | | | 17287/01.09.2023 - 1187 | |
| | | | 16713/21.08.2023 - 10304 | |
| | | | 18365/20.09.2023 - 5904 | |
| | | | ആകെ - 6,97,466 | |
| 85/23 മലപ്പുറം ബ്ലോക്ക് പരിധിയിലെ ഗുരുതരമായ വൃക്ക രോഗമുള്ളവർക്ക് മരുന്ന് വാങ്ങി നൽകൽ<br>അടങ്കൽ തുക : 20,00,000 രൂപ<br>ഫണ്ട് : മെയിന്റനൻസ് ഫണ്ട് - റോഡിതരം<br>പ്രൊജക്ട് ആകെ ചെലവ് തുക : 19,99,971 രൂപ | 19,99,971 രൂപ (PRF 1886/27.10.2022) | 22150163021600981598/30.12.2022 | 25392/22.02.2023 - 5023<br>26146/01.03.2023 - 89846<br>1596/04.05.2023 - 190209<br>3238/12.05.2023 - 2311<br>7546/03.06.2023 - 74285<br>8179/08.06.2023 - 8887<br>7956/06.06.2023 - 135982<br>10144/21.06.2023 - 180530<br>10285/22.06.2023 - 4430<br>12575/13.07.2023 - 180380<br>8817/13.06.2023 - 150528<br>14127/27.07.2023 - 607682<br>22291/30.11.2023 - 46401<br>22891/06.12.2023 - 4750<br>ആകെ - 16,81,244 | 3,18,727 രൂപ (1999971 - 1681244) |
| ആകെ ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നിന്റെ ആകെ തുക | | | | **12,88,986 രൂപ** |

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/21.12.2023) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നമ്പർ 115/2022/ത.സ്വ.ഭ.വ. തീയതി 28.05.2022 പ്രകാരം വൃക്ക രോഗികൾക്ക് മരുന്ന്

വാങ്ങി നൽകുന്നതിന് അനുമതിയില്ല. മേൽ പ്രൊജക്ടിനായി സർക്കാരിൽ നിന്ന് പ്രത്യേകം അനുമതി നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | ലഭിച്ച തുക (₹) | പദ്ധതി നം, പേര് | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ഒതുക്കങ്ങൽ ഗ്രാമ പഞ്ചായത്ത് | 509780 | 52/23ഒതുക്കങ്ങൽ പകൽവീടിനോടനുബന്ധിച്ച് വയോജനങ്ങൾക്കായി ലൈബ്രറി കെട്ടിടം | 509780 | 0 |
| **ആകെ** | 509780 | | 509780 | |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 1176000 | 100/23- പി എം എ വൈ ജില്ലാ പഞ്ചായത്ത് വിഹിതം(എസ് സി പി) | 1176000 | |
| | 784000 | 58/23- പി എം എ വൈ ജില്ലാ പഞ്ചായത്ത് വിഹിതം(ജനറൽ) | 784000 | |
| **ആകെ** | 1960000 | | 1960000 | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം, തീയ്യതി | മുൻകൂർ നല്കിയ തുക (₹) | ചെലവഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | 151/23- മുണ്ടക്കോട് നിരപ്പേൽ കടിവെള്ള പദ്ധതി | BRN. 22150163000601543755/28.03.2023 - 722992, BRN. 22150163000601543767/28.03.2023 - 100037 | 823029 | 0 | പൂർത്തീകരിച്ചിട്ടില്ല | 823029 |

| | | | | | | |
|---|---|---|---|---|---|---|
| ജി.ഡബ്ല്യൂ.ഡി | 54/23 അതിയാരത്ത് പറമ്പ് കുടിവെള്ള പദ്ധതി | XVFC/22-23/P155/28.12.22- 56175 | 56175 | 45350 | പൂർത്തീകരിച്ചു. | ഇല്ല. (10825/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ തിരിച്ചടച്ചു. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 40 | 2001-02 | V.10.1(1) | വാട്ടർ ഫിൽട്ടർ സ്ഥാപിക്കൽ | നടപടികൾ തുടരുന്നു |
| 2013-14 | 3(1) | 2014-15 | 4-1-5 | നിഷ്ക്രിയ ആസ്തികളുടെ അവലോകനം | നടപടികൾ തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

### എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2004-05 | 2-4, 2-5 | ശ്രീ. സി.പി സുകുമാരൻ, | LF19445/spl.cell /SC5/09 /28-06-10 | 36547/- | -- | -- | -- | -- | -- | 36547/- |

### ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2000-01 | 2-13 | ശ്രീ. പി.കെ മോയിൻകുട്ടി, സെക്രട്ടറി, ഗ്രാമവികസന വകുപ്പ്. | LF17165/spl.cell /SC-5/08 /21-06-10 | 20956/- | -- | -- | -- | -- | -- | 20956/- |
| 2 | 2000-01 | 2-22 | ശ്രീ. ജി ബാബുകുമാർ, സെക്രട്ടറി, ഗ്രാമവികസന വകുപ്പ്. | LF17165/spl.cell /SC-5/08 /21-06-10 | 38218/- | -- | -- | -- | -- | -- | 38218/- |

തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80084109 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73998918 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14808857 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 15,00,000/- | ശ്രീമതി ശ്രീലത ,ക്ഷീര വികസന ഓഫീസർ |
| 1-22 | 12,03,600/- | ശ്രീ . സുരേഷ് കുമാർ, സെക്രട്ടറി |
| 1-23 | 6,53,606/- | ശ്രീ . സുരേഷ് കുമാർ, സെക്രട്ടറി |
| 1-24-1 | 50,19,860 | ശ്രീ . സുരേഷ് കുമാർ, സെക്രട്ടറി |
| 1-24-2 | 37,20,000 | ശ്രീ . സുരേഷ് കുമാർ, സെക്രട്ടറി |
| 1-24-3 | 9,78,779 | ശ്രീ . സുരേഷ് കുമാർ, സെക്രട്ടറി |
| 1-24-4 | 1,99,983 | ശ്രീ . സുരേഷ് കുമാർ, സെക്രട്ടറി |
| 1-24-5 | 1,50,000 | ശ്രീ . സുരേഷ് കുമാർ, സെക്രട്ടറി |
| 1-24-6 | 5,00,000 | ശ്രീ . സുരേഷ് കുമാർ, സെക്രട്ടറി |
| 1-25 | 60,000 | ശ്രീ . സുരേഷ് കുമാർ, സെക്രട്ടറി |
| 1-26 | 8,23,029 | ശ്രീ . സുരേഷ് കുമാർ, സെക്രട്ടറി |
| ആകെ | 14808857 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 2000-01 | എൽ.എഫ്.എം.4/1078/12 തി.15.06.2012 | 21 |
| 2 | 2001-02 | എൽ.എഫ്.എം.4/3285/14(2) തി.31.12.2014 | 1 |
| 3 | 2002-03 | കെ.എസ്.എ.എം.പി.എം.4/3287/2014 തി.26.04.2017 | 3 |
| 4 | 2003-04 | എൽ.എഫ്.എം.4/3285/14(4) തി.31.12.2014 | 7 |
| 5 | 2004-05 (ചെലവ്) | എൽ.എഫ്.എം.4/3285/14(5) തി.31.12.2014 | 3 |
| 6 | 2005-06 (ചെലവ്) | എൽ.എഫ്.എം.4/3285/14(6) തി.31.12.2014 | 24 |
| 7 | 2006-07 (ചെലവ്) | എൽ.എഫ്.എം.4/3285/14(7) തി.31.12.2014 | 17 |
| 8 | 2007-08 (ചെലവ്) | എൽ.എഫ്.എം.4/3285/14(8) തി.31.12.2014 | 24 |
| 9 | 2008-09 | എൽ.എഫ്.എം.4/3285/14(9) തി.31.12.2014 | 15 |
| 10 | 2009-10 | എൽ.എഫ്.എം.4/3285/14(10) തി.31.12.2014 | 10 |
| 11 | 2010-11 | എൽ.എഫ്.എം.4/3285/14(11) തി.31.12.2014 | 12 |
| 12 | 2011-12 | കെ.എസ്.എ.എം.പി.എം4/3285/14 തി.25.04.2018 | 6 |
| 13 | 2012-13 | എൽ.എഫ്.എം.4/1127/14 തി.29.01.2016 | 3 |
| 14 | 2013-14 | എൽ.എഫ്.എം.4/3311/14 തി.09.01.2015/24.01.2015 | 5 |

| | | | |
|---|---|---|---|
| 15 | 2014-15 | എൽ.എഫ്.എം.4/2506/15 തി.18.04.2018 | 1 |
| 16 | 2015-16 | നം.കെ.എസ്.എ.എം.പി.എം4/2841/2018 തി.14.06.2019 | 9 |
| 17 | 2016-17 | കെ.എസ്.എ.എം.പി.എം4/2531/2017 തി.04.05.2018 | 10 |
| 18 | 2017-18 | കെ.എസ്.എ.എം.പി.എം4/1894/2021 തി.08-02-2022 | 5 |
| 19 | 2018-19 | കെ.എസ്.എ.എം.പി.എം4/1895/2021 തി.09-02-2022 | 6 |
| 20 | 2019-20 | കെ.എസ്.എ.എം.പി.എം4/392/2023 തി. 10.04.2023 | 4 |
| 21 | 2020-21 | കെ.എസ്.എ.എം.പി.എം4/393/2023 തി. 12.04.2023 | 11 |
| 22 | 2021-22 | കെ.എസ്.എ.എം.പി.എം4/615/2023 തി. 12.06.2023 | 12 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 12-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Malappuram Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Malappuram Block Panchayat for the year 2022-2023

**Date: 27/12/2023**

**Senior Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Malappuram Block Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Ratios (Rule 62(2)(f)) and Comparative amounts of previous year Rule (62(3)) as per the Kerala Panchayat Raj (Accounts) Rules are not included in Annual Financial Statement.

2.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. The accounts recorded in Deposit Register, Advance register do not match with the accounts concerned in Annual Financial statements.

4. As per the Sulekha statement, Rs. 823029/- has been paid as advance to the KWA for the Scheme No. 151/23, Mundakot Nirappil Drinking Water Project Pipeline Alteration Payment of Deposit to KWA. But it is not included in the AFS (RP- 47). The amount to be adjusted for previous years also not included in the AFS (B-18)

5. The accounts recorded in Rent Register do not match with the accounts concerned in AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്